# എച്ച്. എസ്. എസ്. കണ്ടമംഗലം

കടക്കരപ്പള്ളി പി. ഒ , ചേർത്തല



# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

# ആമുഖം

ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന ലക്ഷ്യം. വിദ്യാലയങ്ങളിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക ഉന്നതി ലക്ഷ്യം വെച്ചാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സ്ഥാപനപരമായ ഒരു പ്രധാന രേഖ കൂടിയാണിത്.

1949 ൽ ആണ് കണ്ടമംഗലം സ്കൂൾ സ്ഥാപിതമായിട്ടുള്ളത്. കണ്ടമംഗലം ഇംഗ്ലീഷ് മിഡിൽ സ്കൂൾ എന്ന പേരിലാണ് പ്രവർത്തനം ആരംഭിച്ചത്. തൊട്ടടുത്ത വർഷം തന്നെ അത് ഹൈസ്കൂളായി ഉയർത്തപ്പെടുകയും പിന്നീട് 2000-ാം ആണ്ടിൽ ഹയർസെക്കൻഡറി സ്കൂൾ ആയി മാറ്റപ്പെടുകയും ചെയ്തു. ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. കിഴക്ക് NH-66 നും പടിഞ്ഞാറ് അറബിക്കടലിനും ഇടയിൽ സ്ഥിതിചെയ്യുന്ന കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. കണ്ടമംഗലം ശ്രീ രാജരാജേശ്വരി മഹാദേവി ക്ഷേത്ര ഭരണസമിതിയുടെ ഉടമസ്ഥതയിലുള്ളതാണ് ഈ സ്കൂൾ. ആയിരത്തോളം വർഷം പഴക്കമുള്ള ക്ഷേത്ര സാന്നിധ്യം ഈ പ്രദേശത്തിന്റെ പഴമയിലേക്കുള്ള വെളിച്ചം വീശുന്നു. ലോകപ്രശസ്തമായ ഹോർത്തൂസ് മലബാറിക്കൂസ് എന്ന ഗ്രന്ഥരചനയിൽ മുഖ്യ പങ്കു വഹിച്ച ഇട്ടിഅച്യുതൻ വൈദ്യരുടെ ഗ്രാമം എന്ന ഖ്യാതിയും കടക്കരപ്പള്ളിക്കുണ്ട്. മത്സ്യ- കയർ- കർഷക തൊഴിലാളികളുടെ മക്കളാണ് അധികവും സ്കൂളിൽ പഠിക്കുന്നത്. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികളും ധാരാളമായി ഇവിടെ പഠിക്കുന്നുണ്ട്. ആയിരത്തിൽപരം വിദ്യാർത്ഥികൾ ഉള്ള ഈ സ്കൂളിൽ അൻപതിലധികം അധ്യാപകരും അനധ്യാപക സ്റ്റാഫ് അംഗങ്ങളും ജോലി ചെയ്യുന്നുണ്ട്. 15000 ൽ പരം ബുക്കുകളുടെ ശേഖരം എന്ന നിലയിൽ സ്കൂൾ ലൈബ്രറി പ്രത്യേക ശ്രദ്ധ ആകർഷിക്കുന്നുണ്ട്. വിപുലമായ ലബോറട്ടറി സൗകര്യങ്ങൾ, കമ്പ്യൂട്ടർ ഹാളുകൾ, അടൽ ടിങ്കറിംഗ് ലാബ്, മികച്ച കളിസ്ഥലം എന്നിവയും സ്കൂളിന്റെ സവിശേഷതകളാണ്. ചേർത്തല DEO യുടെ കീഴിലാണ് സ്കൂളിന്റെ പ്രവർത്തന പരിധി.

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോ ക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം- അടിക്കുറിപ്പ്<br>9. ചിത്രം- കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായന ക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

| | | | | |
|---|---|---|---|---|
| | 11.സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ-വായന | | | |
| 3) കുട്ടിയെ മികച്ച എഴുത്തു കാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9.സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരി ക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജ മാക്കുക | 6 മാസം, (ജൂലൈ-ഡിസംബർ | ഓഡിയോ, വീഡിയോ | ട്രൈയിനർ, അധ്യാപകർ |

## സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ. | ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc | |
| അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക. | പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc | |
| കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക. | പതിപ്പുകൾ, മാഗസിനുകൾ | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc | |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക. | രചനാ ശില്പശാലകൾ | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc | |
| എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക. | സംസ്കൃതദിനാചര ണം / അസംബ്ലി | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc | |
| സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ | ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ് | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc | |
| ഭാഷാശേഷി വികസിപ്പിക്കുന്നതിനാ യി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ | വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc... | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc | |
| ഭാഷാലാബ് | വിവിധസാഹിത്യശാ ഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പു കൾ എന്നിവ രചിച്ച് /ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc | |

## HS HINDI

മേഖല : അക്കാദമികം ഹിന്ദി

**പൊതുവായ ലക്ഷ്യങ്ങൾ**

*സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

*ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.

*ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

*ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടു

*ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

**എട്ടാംതരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയ പ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാ രണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| ആഴ്ച്ചയുടെ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തു ന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം ഓഗസ്റ്റ് സെപ്റ്റം ബർ |
| ഹിന്ദി അനായാസം എഴു തുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകു ന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവികൾ തുട ങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ ജനുവരി |

**ഒമ്പതാംതരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|

| | | |
|---|---|---|
| ഹിന്ദി എഴുതുവാനും വായി ക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീ ലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കു വാൻ നൽകുന്നു. | ഹ്രസ്വം<br>ജൂൺ- ജൂലൈ |
| നാമം, സർവ്വനാമം, വിശേ ഷണം എന്നിവ മനസ്സിലാക്കു| ന്നു. വാക്യഘടന പരിചയപ്പെ ടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യ ങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെ ത്തുവാൻ പറയുന്നു.<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം<br>ഓഗസ്റ്റ് സെപ്റ്റം ബർ |
| പോസ്റ്റർ തയ്യാറാക്കുവാനറി യുന്നു.<br>കവിത വായിച്ച് ആസ്വാദന ക്കുറിപ്പ് തയ്യാറാക്കുവാനറിയു | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശി പ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു.<br>ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദ നക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറ യുന്നു. | ദീർഘം<br>ഡിസംബർ നവംബർ |

**<u>പത്താംതരം</u>**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടു ത്തുക എന്നീ ലക്ഷ്യ ങ്ങളോടെ ഭാഷാവസ്തുതക ളുമായി ബന്ധപ്പെട്ട പ്രവർത്ത നങ്ങൾ നടത്തുന്നു. പ്രവർത്തനങ്ങൾ | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാ \| റാക്കുവാൻ പറയുന്നു. | ഹ്രസ്വം ജൂൺ ജൂലൈ |
| സാഹിത്യാഭിരുചി വളർത്തു ക, ഹിന്ദിവാരാഘോഷ സമ യത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റം ബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തര ത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റു വാനാറിയുന്നു.<br>സ്വഭാവ സവിശേഷതകളി ന്മേൽ കുറിപ്പ് തയ്യാറാക്കുവാ നാറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം നവംബർ ജനുവരി |

**HINDI UP**

മേഖല

അക്കാദമികം

ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർ | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 5,6,7 | ഹിന്ദി അധ്യാപക | എല്ലാ കുട്ടികൾ ക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാ നും എഴുതാനും സംസാരി ക്കാനും ആശയവി നിമയ നടത്താനു മുള്ള ശേഷി വർധിപ്പിക്ക CWSN, SLOW LEARNERS കുട്ടികൾ ക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന, ഭാഷാപോഷിണി പ്രവർത്തനങ്ങൾ. പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. CWSN, SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാന്സികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | ജൂൺ രണ്ടാം വാരം | 5,6,7 | ഹിന്ദി അധ്യാപക ർ, മറ്റു ഭാഷാധ്യാപ കർ | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക.. ഹിന്ദിയിൽ എണ്ണം,ആഴ്ച്ച,മാസം. എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപക ർ | |
| 4 | CWSN SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ച്ച യിൽ ഒരു പ്രാവ ശ്യം | 5,6,7 | ഹിന്ദി അധ്യാപക ർ | |
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ച്ച യിൽ ഒരു പ്രാവ ശ്യം | 5,6,7 | ഹിന്ദി അധ്യാപക ർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാച രണ വുമായി | 5,6,7 | ഹിന്ദി അധ്യാപക ർ | |

| | | | | | |
|---|---|---|---|---|---|
| | | ബന്ധ പ്പെട്ട് | | | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 5,6,7 | ഹിന്ദി അധ്യാപക ർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപക ർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 5,6,7 | ഹിന്ദി അധ്യാപക ർ, ക്ലാസ്സ് അധ്യാപക ർ, മറ്റു അധ്യാപക | |
| 10 | കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | 5,6,7 | ഹിന്ദി അധ്യാപകർ, ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |

## English HS

| Objectives | Activities | Duration | In-charge | Financial Analysis |
|---|---|---|---|---|
| 1. To communicate confidently in English<br><br>2. To give space to expressions in English<br><br>3. To Prepare for Independent reading and writing<br><br>4. To prepare for Dramatization<br><br>5. To prepare for poem recitation and versification | English Assembly<br>English library renovation<br>Spoken English class<br>Conversation games<br>Story telling<br><br>Preparing profile of great personalities<br>Role play<br>English Day Celebration<br>Choreography of a poem<br>News making<br><br>Making word web<br>Picture Reading<br>Newspaper reading<br>Diary Writing<br>Short story making<br>Public speaking<br><br>English Assembly<br>Skit<br>Puppet show<br><br>Recitation competition<br>Poetry writing competition<br>Book review writing<br>Creative writing<br><br>Screening an English film | Assembly/ Class room activity<br><br>Incorporated with class room activities / Academic year<br><br>Class room/ Assembly<br><br>Saturdays<br><br>Class room/ Saturdays | Teachers<br><br>Teachers/ SRG<br><br>Teachers<br><br>Teachers/ SRG<br><br>Teachers | PTA/Management<br><br>English Club/ Management<br><br>English Club<br><br>PTA<br><br>English Club/ PTA |

| | | | | |
|---|---|---|---|---|
| 6. To improve English through the adaptation of technology<br><br>7. To prepare for interaction in English | Screening interviews of great personalities<br><br>Spend time with a native speaker | Saturdays<br><br>Saturdays | Teachers<br><br>Teachers | English Club<br><br>English Club |

## English UP

| Aim | Activities | Month | Responsible Person | Economic source |
|---|---|---|---|---|
| To encourage Listening & Speaking.<br><br>Introduce different genres (fiction, non- fiction, poetry)<br>Enhance vocabulary.<br>Enhance listening skills.<br><br>To encourage Reading | Interactive storytelling sessions discussing themes, characters and plots to enhance listening skills. Group discussions and role-plays to improve speaking skills. Vocabulary games and exercises to build word knowledge.<br><br>Interactive Reading Circles:<br><br>Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels. | June | English Teachers | English club |

| | | | | |
|---|---|---|---|---|
| Develop basic reading, writing, listening, and speaking skills.<br><br>Cultivate effective communication skills for various contexts.<br><br>To develop Writing Skills<br>Introduce grammatical concepts such as parts of speech, tenses, and sentence structure.<br>To develop basic Grammar rules.<br>Focus on sentence structure, punctuation, and grammar. | Each group reads the assigned text together and discusses key elements like plot, characters, and themes.<br><br>Encourage students to take turns reading aloud and share their interpretations and reactions to the text.<br><br>After discussions, each group presents a summary or analysis of their assigned text to the class.<br><br>Guided reading sessions with comprehension questions.<br>Listening comprehension exercises using audio stories,<br>Debates and presentations for advanced speaking practice.<br><br>Expanding vocabulary with context clues from passage.<br><br>Improve sentence structure.<br><br>Practice for simple creative writing tasks like descriptive paragraphs, short stories. and simple poetry.<br><br>Projects and research assignments to foster critical thinking<br><br>Focus on developing paragraphs and essays. Teach persuasive writing techniques and argumentation. | July<br><br>August-December<br><br>January-February | English Teachers | English club |

| | | | | |
|---|---|---|---|---|
| Expand vocabulary through reading and interactive activities.<br><br>Introduce different types of writing: narrative, descriptive, persuasive, etc.<br><br>Language Games, puzzles and Activities:<br><br>Differentiation and Support: | Preparing and delivering speeches, Listening to and analysing different media sources.<br><br>Interactive grammar games. Structured grammar lessons with examples and practice exercises. Worksheets on parts of speech, punctuation and sentence types.<br><br>Integrate language games and activities to reinforce vocabulary, grammar, and language skills in an engaging way.<br><br>For example, play word association games, charades, or vocabulary bingo to practice new words and concepts.<br><br>To create their own poems, stories, dictionary etc and present it to the class.<br><br>Recognize and accommodate the diverse learning needs of students through differentiated instruction, including accommodations and modifications for specially abled students and gifted learners.<br><br>Provide additional support and resources such as small-group instruction, tutoring, peer mentoring, and remedial programs to help struggling students and challenge advanced learners. | Throughout the year | English Teachers | English club |

| | | | | |
|---|---|---|---|---|
| Assessment and Feedback: | Offer opportunities for enrichment and extension activities to extend learning beyond the core curriculum and cater to students' interests and strengths.<br><br>Collaborate with learning support specialists, language teachers, and other support staff to ensure inclusive practices and provide targeted support for students with specific learning needs.<br><br>Design a range of assessment tasks and tools to measure students' language proficiency, comprehension, and writing skills, including formative and summative assessments.<br><br>Use a variety of assessment methods such as quizzes, tests, essays, presentations. projects, and performance tasks to assess different aspects of language learning.<br><br>Provide timely and constructive feedback to students that highlights their strengths, identifies areas for improvement, and suggests strategies for further development<br><br>Involve students in self-assessment and reflection activities to promote ownership of their learning process.<br><br>Use assessment data to inform instructional planning, identify learning gaps, and differentiate instruction to meet individual student | Throughout the year | English Teachers | English club |

| | | | | |
|---|---|---|---|---|
| Parent Involvement | needs.<br><br>Provide resources and tips for parents on how to support their child's literacy development at home, ineluding hook recommendations, reading strategies, and language enrichment activities.<br><br>Showcase students' and parents' writing through publications, newsletters, or school wide writing anthologies to celebrate their achievements and foster a culture of writing.<br><br>Encourage parents with expertise in English language teaching, literacy, or language acquisition to share their knowledge and skills with students and teachers.<br><br>Collaborate with parents to create English language learning materials, such as flashcards, games, resource packs, that can be used in the classroom or sent home for additional practice. | | English Teachers<br><br>English Teachers, PTA members and Parents | English club |

## ഫിസിക്കൽ സയൻസ് (ഫിസിക്സ്, കെമിസ്ട്രി) (ഹൈസ്കൂൾ വിഭാഗം )

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പ ത്തികം |
|---|---|---|---|---|---|---|
| 1 | ശാസ്ത്ര സമവാക്യ ങ്ങളുടെ ഉപ യോഗം കൂടു തൽ ലളിത മാക്കുക. | എല്ലാ കുട്ടികൾക്കും സമവാക്യങ്ങൾ ഉപ യോഗിച്ച് ഗണിത പ്രശ്നങ്ങൾ നിർ ദ്ധാരണം ചെയ്യാൻ കഴിയുന്നു. | ഗണിതപ്രശ്ന നിർദ്ധാരണം. ലഘു പരീക്ഷണങ്ങൾ. | ജൂൺ 2 മുതൽ 13 വരെ. | സയൻസ് അധ്യാപകർ. | |
| 2 | Monthly test. | എല്ലാ കുട്ടികൾക്കും എല്ലാ യൂണിറ്റിലെയും പഠന ലക്ഷ്യങ്ങൾ നേടാൻ കഴിയുന്നു. | എല്ലാമാസവും പൂർത്തിയാക്കിയ യൂണിറ്റുകളിലെ യൂണിറ്റ് ടെസ്റ്റ്. അവയുടെ മാർക്ക് വിശകലനം. | എല്ലാ മാസവും അവസാന ആഴ്ച. | സയൻസ് അധ്യാപകർ. | PTA |
| 3 | സമഗ്ര ഗുണമേന്മ. | എല്ലാ കുട്ടികൾക്കും എല്ലാ യൂണിറ്റിലെയും എല്ലാ പഠന ലക്ഷ്യങ്ങളും നേടാൻ കഴിയുന്നു എന്ന് ഉറപ്പുവരുത്തുക. | യൂണിറ്റ് ടെസ്റ്റുകളിൽ 30 ശതമാനം മാർക്ക് കിട്ടാത്ത കുട്ടികൾക്ക് പ്രത്യേക പരിഹാരബോധന പ്രക്രിയ. | ജൂലൈ മാസം | സയൻസ് അധ്യാപകർ. | |
| 4 | സയൻസ് ക്ലബ്ബ് | ശാസ്ത്രീയ മനോഭാവം വളർത്തുക. | ശാസ്ത്ര ക്ലബ്ബ് രൂപീകരണം,അനുബന്ധ പ്രവർത്തനങ്ങൾ. | ജൂൺ 25 | സയൻസ് അധ്യാപകർ. | |
| 5 | ദിനാചരണ ങ്ങൾ. | ശാസ്ത്ര പ്രതിഭകളിൽ നിന്ന് പ്രചോദനം നേടുക. ശാസ്ത്രത്തി ന്റെ പ്രാധാന്യം മനസ്സിലാക്കുക | പോസ്റ്റർ നിർമ്മാണം, ക്വിസ് മത്സരം, സെമിനാർ, വീഡിയോ പ്രദർശനം. | എല്ലാമാസവും. | സയൻസ് അധ്യാപകർ. | |
| 6 | ഔഷധസ സ്യത്തോട്ടം. | പ്രകൃതിയോട് ഇണ ങ്ങിയുള്ള ജീവിത ശൈലി പരിശീലിക്കു ക. പരിസ്ഥിതി | ഔഷധസസ്യതോട്ട നിർമ്മാണം, പരിപാലനം,അവയെക്കുറിച്ചുള്ള അറിവ് ശേഖരണം. | ഓഗസ്റ്റ് 4 മുതൽ 8 വരെ. | സയൻസ് അധ്യാപകർ. | |

| | | | | | | |
|---|---|---|---|---|---|---|
| | | സംരക്ഷണത്തിന്റെ ആവശ്യകത മനസ്സി ലാക്കുക. | | | | |
| 7 | ആരോഗ്യ - അവബോധ ക്ലാസ്. | മികച്ച ആരോഗ്യ ശീലങ്ങൾ വളർത്തുക. | അവബോധക്ലാസ്, ഫിസിക്കൽ ട്രെയിനിങ് | ഒക്ടോബർ 21 മുതൽ 24 വരെ. തുടർന്ന് എല്ലാ മാസവും ഫിസിക്കൽ ട്രെയിനിങ്. | സയൻസ് അധ്യാപകർ. | |

## Biology

| പദ്ധതി | ലക്ഷ്യം | പദ്ധതി |
|---|---|---|
| ജൈവ വൈവിധ്യ പാർക്ക് കാവ് സംരക്ഷണം | സസ്യ സംരക്ഷണം | വിവരശേഖരണം ചെടികൾ കണ്ടെത്തുന്നു നട്ടുവളർത്തുന്നു സസ്യപരിപാലനം ഔഷധ തോട്ടം |
| ശാസ്ത്ര കൗതുകം | ശാസ്ത്രജ്ഞന്മാരെ അറിയാൻ | ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുന്നു |
| ശാസ്ത്ര വിസ്മയം | പഠനോപകരണ നിർമ്മാണം | |
| ലാബ് പ്രവർത്തനം | ശാസ്ത്രീയ മനോഭാവം പ്രായോഗികത എന്നിവ വളർത്തൽ | ശാസ്ത്ര ഉപകരണങ്ങൾ ശാസ്ത്ര പ്രോജക്ടുകൾ എന്നിവയുടെ നിർമ്മാണം |
| ശാസ്ത്ര വാർത്തകൾ വായന | വാർത്ത വാർത്തകളെ പരിചയപ്പെടൽ | ക്വിസ് മത്സരങ്ങൾ നടത്തുന്നു |
| എക്സ്പിരിമെന്റ് ഡേ | ശാസ്ത്രവിഷയത്തിൽ താല്പര്യമുണ്ടാക്കുക | നിത്യജീവിതവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ആസൂത്രണം ചെയ്യുക |

Basic science (UP)

| പഠന ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരീക്ഷണം, നിരീക്ഷണം എന്നിവ വീട്ടിലും ക്ലാസിലും പ്രയോജന പ്പെടുത്തുന്നതിനായുള്ള ശാസ്ത്ര കിറ്റ് തയ്യാറാക്കുക | കുട്ടികൾക്കും അധ്യാപകർക്കും ഉള്ള ശാസ്ത്ര കിറ്റ് , ഹോം ലാബ് എന്നിവിടങ്ങളിലേക്ക് ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക<br>സാമഗ്രികൾ ശേഖരിക്കുക<br>ക്ലാസ് റൂമിൽ ഉപയോഗിക്കുക | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| നൂതനമായ നടീൽ വസ്തുക്കളുടെ ഉദ്പാദനം പരിചയപ്പെടൽ | വിദഗ്ദരെ പങ്കെടുപ്പിച്ച് കൊണ്ടുള്ള പ്രായോഗിക ക്ലാസ്<br>ബഡിംഗ്<br>ഗ്രാഫ്റ്റിംഗ്<br>ലെയറിംഗ് എന്നിവ | ജൂൺ - ജൂലൈ | ശാസ്ത്രാധ്യാപകർ | |
| ആസിഡുകളുടേയും ബേസുകളുടെയും ഉപയോഗങ്ങൾ മനസിലാക്കുന്നതിന് | സോപ്പ് നിർമ്മാണം<br>കുട്ടികളേയും തിരഞ്ഞെടുക്കപ്പെട്ട രക്ഷിതാക്കളേയും ഉൾപ്പെടുത്തി വർക്ക് ഷോപ്പ് നടത്തുക | ജൂലൈ - ആഗസ്റ്റ് | സയൻസ ക്ലബ് | 3000 |
| ബഹിരാകാശ മേഖലയിലെ മനുഷ്യന്റെ നേട്ടങ്ങളും. ഇന്ത്യയുടെ ബഹിരാകാശ ദൗത്യങ്ങളും മനസിലാക്കാനും പ്രചോദനം ഉൾക്കൊള്ളാനും | ചാന്ദ്ര ദിനാഘോഷം<br>ശാസ്ത്ര കുറിപ്പുകൾ<br>ലേഖനങ്ങൾ തയ്യാറാക്കൾ | ജൂലൈ 21 | സയൻസ് ക്ലബ് | |
| കുട്ടികൾക്ക് നൂതന ആശയങ്ങളെപ്പറ്റിയും അവരുടെ ആശയങ്ങൾ പ്രോജക്ട് ആയി രൂപപ്പെടുത്തുന്ന പരിശീലനം | വിദ്യാലയത്തെ ഇന്നവേറ്റീവ് ഹബ് ആക്കുക<br>വൈ ഐപ്പി ശാസ്ത്ര പഥം | അക്കാദമിക വർഷം | ശാസ്ത്ര ക്ലബ് | - |
| ആരോഗ്യം രോഗങ്ങൾ എന്നിവയും വിവിധ വാക്സിനേഷനുകളെ പറ്റി മനസിലാക്കുകയും പ്രാധാന്യം വീടുകളിലേക്ക് എത്തിക്കയും ചെയ്യുക | ഡോക്ടർ ആരാശ്യപ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിലുള്ള ക്ലാസ് | സെപ്റ്റംബർ | ശാസ്ത്രാധ്യാപകർ | - |

| | | | | |
|---|---|---|---|---|
| വിവിധ തരം സർക്കിട്ടുകൾ മനസിലാക്കുന്നതിനും പ്രായോഗിക പ്രവർത്തനങ്ങളിൽ എർപ്പെടുകയും ചെയ്യുക | വിവിധ വൈദ്യുതി സർക്കിട്ട് നിർമ്മാണം<br>എമർജൻസി ലാംപ് നിർമ്മാണം<br>LED ബൾബ് നിർമ്മാണം | സെപ്റ്റംബർ | ശാസ്ത്രാധ്യാപകർ - PTA | 5000 |
| ശാസ്ത്ര ചിന്ത പരീക്ഷണ ശേഷി എന്നിവ പരിപോഷിപ്പിക്കുകയും ശാസ്ത്ര പഠന മനോഭാവം രൂപപ്പെടുത്തുകയും ചെയ്യുക | ശാസ്ത്ര ക്വിസ് മുഴുവൻ കുട്ടികൾക്കും പരിശീലനം നൽകി ക്ലാസ് സ്കൂൾ മത്സരങ്ങൾ നടത്തി വിജയികളെ ശാസ്ത്ര മേളകൾക്ക് തയ്യാറാക്കുക<br><br>USS ക്ലാസ് നടത്തി ശാസ്ത്ര വിഷയത്തിൽ കൂടുതൽ പരിശീലനം നൽകുക | ഒക്ടോബർ മുതൽ തുടർ പ്രവർത്തനം അക്കാദമിക വർഷം മുഴുവൻ | ശാസ്ത്രാധ്യാപകർ | - |
| കൗമാര ഘട്ടത്തിലെ ശാരിരിക മാനസീക മാറ്റങ്ങളെ തിരിച്ചറിയാനും മാറ്റങ്ങൾ ഉൾക്കൊള്ളാനും സാധിക്കുന്നതിന് | കൗമാര - ലൈംഗീക വിദ്യാഭ്യാസം | നവംബർ | ശാസ്ത്രാധ്യാപകർ | |
| നക്ഷത്രങ്ങൾ നിരീക്ഷിക്കുകയും പ്രപഞ്ച സത്യങ്ങളും ബോധ്യങ്ങളും മനസിലാക്കുക | രാത്രി വാന<br>നിരീക്ഷണം<br>AI ടൂളുകൾ ഉപയോഗിച്ച് നക്ഷത്ര പഠനം | ഡിസംബർ | ശാസ്ത്രാധ്യാപകർ | - |
| സുരക്ഷിത ഭക്ഷണം മനുഷ്യന്റെ അവകാശമാണെന്നും ഗുണമേന്മയുള്ള ഭക്ഷ്യ വസ്തുകൾ തിരഞ്ഞെടുത്ത് ഉപയോഗിക്കാനുള്ള മനോഭാവം വളർത്തുക | ആരോഗ്യ ബോധവത്ക്കരണക്ലാസ് | ജനുവരി | ശാസ്ത്രാധ്യാപകർ | |
| ശാസ്ത്ര മികവുകൾ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നു | പഠനോത്സവം | ഫെബ്രുവരി | PTA / ശാസ്ത്രക്ലബ് | |

## Mathematics

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയധാരണ കൈവരിക്കുക | ഒപ്പത്തിനൊപ്പം, പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് :-പരിഹാര ബോധന ക്രിയകൾ നടത്തുന്നു | ജൂൺ ആദ്യവാരം. | അദ്ധ്യാപകർ മുന്നാക്കം നിൽക്കുന്ന കുട്ടികൾ | |
| നിർമ്മിതികളിലെ ശേഷി കൈവരിക്കാൻ | ഇൻസ്ട്രുമെന്റ് ബോക്സിൻറെ ലഭ്യത, U കോണുകൾ ത്രികോണങ്ങൾ എന്നിൽ നിർമ്മിക്കുന്നു. ശില്പശാല ഒൾ | തുടർപ്രവർത്തനം | അദ്ധ്യാപകർ | ടീചെർസ് ഗ്രന്റ് |
| ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ ബോധ്യപ്പെടൽ | കെട്ടിട നിർമ്മാണം ചഫാബ്രിക്കേഷൻ വർക് എന്നിവ നടക്കുന്ന സ്ഥലങ്ങൾ സന്ദർശിക്കൽ. വീട്ടിൽ ഭഷ്യവസ്തുകൾ ഉണ്ടാകുമ്പോൾ അളവുകളുടെ പ്രാധാന്യം | വർഷത്തിൽ ഒന്ന് | അദ്ധ്യാപകർ | പി.ടി.എ |
| ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ, അടവുകൾ പരിചയപ്പെടൽ | ക്ലബ്ബ് പ്രവർത്തനങ്ങൾ, ശില്പ ശാലകൾ ഇവയിലൂടെ പ്രവർത്തനങ്ങൾ ചെയ്യുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അദ്ധ്യാപകർ, ഗണിതകബ്ബ് | പി.ടി.എ |
| സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർപ്രവർത്തനം | അദ്ധ്യാപകർ, ടീം ലീഡർ | |
| അദ്ധ്യാപകർ കാലാനുസൃത-മായി ചെയ്ത ചെറിയ ക്ലാസ് മുതലുള്ള തുടർ | - മാത്സ് ക്ലബ്ബിൻ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, | അക്കാദമിക വർഷം തുടർപ്രവർത്തനം | ക്ലബ്ബ് കൺവീനർ, മറ്റ് അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | പാഠാസൂത്രണം എന്നിവകൂടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | | | |
| ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിതക്കൂടായ്മ ; കുട്ടികളും ഗണിത അദ്ധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിൽ | അദ്ധ്യാപകർ | ഗണിതക്ലബ്ബ് |
| ഗണിത മത്സര വേദിയിലേക്ക് : മേളകളിൽ ഊർജ്ജസ്വലന കൈവരിക്കാൻ | ഗണിതക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | രണ്ട് തവണ | ക്ലബ് സെക്രട്ടറി, അദ്ധ്യാപകർ, പി.ടി.എ | പി.ടി.എ |
| ഗണിത ലാബ് | ശില്പശാലയിലൂടെ ലാബിലേക്ക് ആവശ്യ പഠനോപകരണങ്ങൾ ശേഖരിക്കൽ | പഠന പ്രവർത്തനങ്ങൾ നടത്തുന്ന സമയം | ക്ലബ് സെക്രട്ടറി, അദ്ധ്യാപകർ, പി.ടി.എ | പി.ടി.എ |
| രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മികവുത്സവത്തിലൂടെ പ്രദർശിപ്പിക്കുന്നു | 3-ാം ടേം | അദ്ധ്യാപകർ | പി.ടി.എ |

## Social science HS

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക, ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | നിശ്ചയിച്ച തീയതികളിൽ (അക്കാദമിക വർഷം) | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ , കുട്ടികൾ |
| 2 | ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെൻറ് , ഭരണഘടന പതിപ്പ് തയ്യാറാക്കൽ, പൗരബോധം, സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ , കുട്ടികൾ |
| 3 | ഭൂപടവായന കുട്ടികളിൽ വളർത്തുക. സ്ഥല നിർണയം നടത്തുവാൻ പഠിക്കുക. എന്ന ലക്ഷ്യം കൈവരിക്കുക | ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. അറ്റ്ലസ് നിർമ്മാണം | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ , കുട്ടികൾ |
| 4 | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ പൊതുവിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണകൾ ചരിത്ര സിനിമ പ്രദർശനം | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ , കുട്ടികൾ |
| 5 | വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുത്തുക എന്ന ലക്ഷ്യം | വിവിധ മേഖലകളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ , കുട്ടികൾ |

Social science, UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്ര ത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടി സ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാ വബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യ മുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപ പ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോ ടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെ ക്കുറിച്ച് | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച** | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര | |

| | | | | |
|---|---|---|---|---|
| മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാ ക്കളെ ബോധവാന്മാരാ ക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങ ളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പി ക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | | അധ്യാപകർ | |
| 5) സഹജീവികളോട് സമ ഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നറുങ്ങുവെട്ടം** പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങ ളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേ തിക വിദ്യയുടെ ദുരുപയോ ഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാ ന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം** സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടു ത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)** പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇട പെടലുകൾക്ക് | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| 8) സാമൂഹ്യ ശാസ്ത്ര വിഷ യത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തി ലേക്ക് എത്തിക്കുന്നു | വിധേയമായ കാവുകൾ, കണ്ടൽക്കാടു കൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു.<br><br>**പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |